പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2780 27.01.2014 -ൽ മറുപടിക്ക്.

ആഭരണനിർമ്മാണത്തൊഴിലാളി ക്ഷേമപദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. ചന്ദ്രൻ | | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) 2010-ലെ ആഭരണ നിർ മ്മാണത്തൊഴിലാളി ക്ഷേമ പദ്ധതിയിൽ എത്ര തൊഴിലാളി കളാണ് ഇതിനകം രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നു വ്യക്തമാ ക്കുമോ ; | (എ) | 31.12.2013 വരെ 13,953 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഓരോ തൊഴിലാളിയിൽ നിന്നും പ്രതിമാസം എത്ര രൂപയാണ് ക്ഷേമനിധിയിലേയ്ക്ക് വിഹിതമായി പിരിച്ചെടുത്തി ട്ടുള്ളത്; | (ബി) | പ്രതിമാസം 20/- രൂപ (ഇരുപത് രൂപ) |
| (സി) വ്യാപാരികളുടെ വിറ്റുവര വിൽനിന്നും പിരിച്ചെടുക്കേണ്ട സെസ്സ് പിരിച്ചെടുക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ, എത്ര രൂപ ഇതുപ്രകാരം പിരിച്ചെടുത്തി ട്ടുണ്ടെന്നു വ്യക്തമാക്കുമോ;<br><br>(ഡി) ഇല്ലെങ്കിൽ, എന്തുകൊ- ണ്ടാണു പിരിച്ചെടുക്കാ ത്തതെന്നു വ്യക്തമാക്കുമോ; | (സി) & (ഡി) | സെസ്സ് പിരിച്ചെടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| (ഇ) ക്ഷേമനിധിയുടെ ഓഫീസ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ, ഇല്ലെങ്കിൽ, ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ; | (ഇ) ഉണ്ട്. |
| (എഫ്) ക്ഷേമപദ്ധതിയിൽ നിർദ്ദേശിച്ചതുപോലുള്ള ഏതെങ്കിലും ആനുകൂല്യം ഇതിനകം ഏതെങ്കിലും തൊഴിലാളികൾക്കു നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എഫ്) പതിനായിരം രൂപ വീതം 14 പേർക്ക് മരണാനന്തര ധനസഹായം നൽകിയിട്ടുണ്ട്. ഇനി 5 മരണാനന്തര ധനസഹായവും ഒരു ചികിത്സാ ധനസഹായവും (25,000/-രൂപ) നൽകാനുണ്ട്. |
| (ജി) ഇല്ലെങ്കിൽ എന്തുകൊണ്ടാണു നൽകാത്തതെന്നു വ്യക്തമാക്കുമോ? | (ജി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ നൽകുന്നതാണ്. |

സെക്ഷൻ ആഫീസർ.